**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2428** **12-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ.യുടെ പ്രവാസി ചിട്ടി നടത്തിപ്പുമായി ബന്ധപ്പെട്ട് എത്ര ആഫീസുകൾ പ്രവർത്തിയ്ക്കുന്നുണ്ടെന്നും ഇതിന്റെ വാടക ഇനത്തിൽ എത്ര രൂപ പ്രതിമാസം ചെലവ് വരുന്നുണ്ടെന്നും അറിയിക്കുമോ; | (എ) | കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി നടത്തിപ്പുമായി ബന്ധപ്പെട്ട് ഒരു ഓഫീസ് മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ആയതിന്റെ വാടക ഇനത്തിൽ 2,71,927/- രൂപ പ്രതിമാസം ചെലവ് വരുന്നുണ്ട്. |
| (ബി) | പ്രസ്തുത ശാഖകളിലെ പ്രവാസി ചിട്ടിയും മറ്റ് ഇടപാടുകളും പൂർണ്ണമായും ഓൺലൈൻ ആയി സജ്ജീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രതിദിനം ഏകദേശം എത്ര കസ്റ്റമേഴ്സ് വിവിധ ഇടപാടുകൾക്കായി ഇവിടം സന്ദർശിയ്ക്കുന്നുണ്ടെന്ന് അറിയിക്കുമോ; | (ബി) | ഉണ്ട്. പൂർണമായും ഓൺലൈനായി പ്രവർത്തിക്കുന്നതിനാൽ ഇടപാടുകാർക്ക് ശാഖകളിൽ നേരിട്ട് സന്ദർശിക്കേണ്ട ആവശ്യം വരുന്നില്ല. |
| (സി) | പ്രവാസി ചിട്ടിയുടെ കെ.എസ്.എഫ്.ഇ. ശാഖ മോടിപിടിപ്പിക്കുന്നതിന് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; അലങ്കാരച്ചെടികൾക്കും ഇന്റീരിയർ പ്രവൃത്തികൾക്കുമായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഇനം തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ; | (സി) | പ്രവാസി ചിട്ടിയുടെ കെ.എസ്.എഫ്.ഇ ഓഫീസ് പ്രത്യേകമായി മോടിപിടിപ്പിച്ചിട്ടില്ല. അലങ്കാര ചെടികൾക്ക് 2,01,170/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | നിലവിൽ എത്ര പ്രവാസികളാണ് ചിട്ടികളിൽ ചേർന്നിട്ടുള്ളത്; കിഫ്ബിയിൽ ഇതിൽ നിന്നുള്ള നിക്ഷേപമെത്രയാണ്; ഈ കാലയളവിൽ പ്രതീക്ഷിച്ച നിക്ഷേപമെത്രയാണ്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | 48,608 കസ്റ്റമേഴ്സ് ചിട്ടിയിൽ ചേർന്നിട്ടുണ്ട്. 509.35 കോടി രൂപ 07.10.2021വരെ കിഫ്ബിയിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ കാലയളവിൽ പ്രത്യേക നിക്ഷേപ ലക്ഷ്യങ്ങൾ നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ